(ബി) പ്രസ്തുത ഒബ്സർവേഷൻ ഹോമിന് പുതിയ കെട്ടിടം പണിയുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ ; വിശദമാക്കുമോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കണിയാംമ്പറ്റയിലെ ഒബ്സർവേഷൻ ഹോം ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം പ്രവർത്തിച്ചിരുന്ന കെട്ടിടം ബലക്ഷയം കാരണം PWD Uufit ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സ്ഥാപനം കൽപ്പറ്റയിലെ പുത്തൂർവയൽ റോഡിൽ കോറി വളവിൽ വൈറ്റ്ഹൗസ് എന്ന വാടക കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചിരിയ്ക്കുകയാണ്. പ്രസ്തുത സ്ഥാപനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ സ്ഥാപനത്തിന് 450 ലക്ഷം രൂപ മുടക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) കെട്ടിട നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ നിർമ്മാണ ഏജൻസിയായ കേരളാ പോലീസ് ഹൗസിംഗ് കോർപ്പറേഷൻ ചിഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്.

വയോജനങ്ങളുടെ ക്ഷേമം

332 (3620) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയോജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ബന്ധുക്കൾ ഉപേക്ഷിക്കുന്ന വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനും ഇത്തരം പ്രവൃത്തികൾ ചെയ്യുന്ന ബന്ധുക്കളെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിപ്പിച്ച് രോഗം മാറിയിട്ടും, ബന്ധുജനങ്ങൾ സ്വീകരിക്കാതെ വൃദ്ധ സദനങ്ങളിൽ കഴിയുന്ന എത്ര പേർ സംസ്ഥാനത്തുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി, വിവിധ പരിപാടികൾ നടപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി രൂപവത്ക്കരിക്കുന്നതിനായി മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013 സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നയം അനുസരിച്ചുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ 500 രൂപയിൽ നിന്ന് 600 രൂപയായും 80 വയസ്സു കഴിഞ്ഞവർക്ക് 1,100 രൂപയിൽ നിന്ന് 1,200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് 15 സർക്കാർ വൃദ്ധ സദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ബന്ധുക്കൾ ഉപേക്ഷിക്കുന്ന വൃദ്ധജനങ്ങളെ കണ്ടെത്തിയാൽ/ലഭിച്ചാൽ സൗജന്യമായി താമസം, ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ നൽകുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. ബന്ധുക്കൾക്കെതിരെ വയോജനങ്ങൾ പരാതി നൽകുകയാണെങ്കിൽ നിലവിലുള്ള മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺ ആക്ട് 2007 അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി റവന്യൂ ഡിവിഷണൽ ആഫീസർമാരുടെ നേതൃത്വത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ അപ്പലേറ്റ് ട്രൈബ്യൂണലുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ നിയമപ്രകാരം വയോജനങ്ങളെ സഹായിക്കുന്നതിനായി ജില്ലാ സാമൂഹ്യനീതി ആഫീസർമാരെ മെയിന്റനൻസ് ആഫീസർമാരായും നിയമിച്ചിട്ടുണ്ട്.

(സി) ഇവരുടെ കണക്ക് പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ്

333 (3621) ശ്രീ. പി. റ്റി. എ. റഹീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ദിവസം അനാഥാലയങ്ങളിലെ ഒരു അന്തേവാസിക്ക് വസ്ത്രം, ഭക്ഷണം ഇടങ്ങിയവയ്ക്ക് ചെലവ് വരുന്നത് എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സർക്കാർ നൽകുന്ന ഗ്രാന്റ് ഇതിന് മതിയാകുന്നതാണോ ;

(സി) വിദേശ സഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്ക് ചെലവ് കണക്കാക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly